**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബ്രാൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ അവയ്ക്ക് വിപണനസാധ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ/ നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാര കൊണ്ടുവരികയും, അതുവഴി അന്താരാഷ് വിപണിയിൽ വിപണന സാധ്യത കൂട്ടുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവന ചെയ്ത പദ്ധതിയാണ് "കേരളാ ബ്രാൻഡ്" ഉയർന്ന ഗുണനിലവാരം, ധാർമ്മികത ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവയോട്ട കൂ പുലർത്തിക്കൊണ്ട് കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളെയു നൽകുന്ന സേവനങ്ങളെയും ആഗോ വിപണിയിലെ ഉപഭോക്താക്കൾക്ക പരിചയപ്പെടുത്തുകയും, ഇതിലൂടെ കേരളത്തിലെ വ്യവസായങ്ങൾക്ക പൊതുവായി ഒരു സ്വത്വം സൃഷ്ടിച്ചെടുക്കുകയു ആണ് കേരള ബ്രാൻഡ് കൊണ ഉദ്ദേശിക്കുന്നത്. ഗുണമേന്മ, ധാർമ്മികത ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയു സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക "MADE IN KERALA" എന്ന സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. |

| | | | |
|---|---|---|---|
| (ബി) | കേരള ബ്രാൻഡ് പദ്ധതിയനുസരിച്ച് മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗ് ലഭിക്കുന്നതിന് ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ഉണ്ടായിരിക്കേണ്ട മിനിമം ക്വാളിറ്റി ഉറപ്പ വരുത്തുന്നതിനായി സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഏതൊരു വകുപ്പിനും/ഏജൻസിക്കും അതിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും ബന്ധപ്പെട്ട വകുപ്പ്(കൾ) നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾക്ക് ബാധകമാക്കേണ്ട ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് നിശ്ചയിക്കുന്നതാണ്. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉത്പന്നങ്ങളുടെ/ സേവനങ്ങളുടെ കാര്യത്തിൽ, അത്തരം മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശിക്കും. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക്തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന്/ സേവനത്തിനു സംസ്ഥാനതല കമ്മിറ്റി മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ വരുത്തി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവക്ക് ആയിരിക്കും കേരളാ ബ്രാൻഡ് നൽകുന്നത്. ഇത്തരത്തിൽ ഉള്ള ഒരു സ്വയം സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ച് ഉറപ്പ വരുത്തുകയും ചെയ്യും. |
| (സി) | ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ആഭ്യന്തര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഇറക്കുമതി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കേരളാ ബ്രാൻഡ്" ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിലൂടെ ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കും. ഇത്തരം സംരംഭകർക്കു അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളെയും നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് പരിചയപ്പെട്ടു ത്തുകയും, ഇതിലൂടെ കേരളത്തിന്റെയും പ്രത്യേകിച്ച് ഇത്തരം ഉൽപ്പന്നങ്ങളുടെ പെരുമ വർധിപ്പിക്കാനും സാധിക്കും. ഇതു ഇതര ബ്രാൻഡ് ഉൽപ്പന്നങ്ങളെക്കാൾ കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് ആവശ്യകത കൂട്ടാനും ആത്യന്തികമായി ഇവയുടെ ആഭ്യന്തര ഉൽപ്പാദനം |

| | | | |
|---|---|---|---|
| | | | വർധിപ്പിക്കാനും, ഒപ്പം വിദേശ വിപണി കണ്ടെത്താനും സഹായകമാകും. |

സെക്ഷൻ ഓഫീസർ